"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം- ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ബിനു.എം.കോശി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1790/2021 നമ്പർ കേസ്സിന്മേലുള്ള 29.09.2021 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.492/2022/LSGD തീയതി,തിരുവനന്തപുരം, 02-03-2022

---

പരാമർശം:- 1. ശ്രീ. ബിനു.എം.കോശി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1790/2021 നമ്പർ കേസ്സിന്മേലുള്ള 29.09.2021 ലെ ഉത്തരവ്.

2. പഞ്ചായത്ത് ഡയറക്ടറുടെ 03.01.2022 ലെ ഇ4-16339/21 നമ്പർ കത്ത്.

ഉത്തരവ്

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ . ബിനു.എം.കോശി ബഹു . അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള OA.1790/2021 നമ്പർ ഹർജിയിന്മേൽ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 29.09.2021 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ . ബിനു.എം.കോശി രണ്ടാം എതിർ കക്ഷിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അനക്സ്ചർ 6 നിവേദനത്തിന്മേൽ ബഹു.സുപ്രീം കോടതി വിധിയുടേയും Rights of Persons with Disabilities Act, 2016 ലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ ഉത്തരവ് ലഭിച്ച തീയതി മുതൽ 2 മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാ ൻ പരാമർശം ( 1 ) പ്രകാരം ഉത്തരവാകുകയുണ്ടായി.

2. ബഹു. സുപ്രീം കോടതി ഉത്തരവിൽ ഭിന്നശേഷി ജീവനക്കാർക്ക് എൻട്രി കേഡറിലും പ്രൊമോഷൻ തസ്തികയിലും 4% സംവരണം അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണെന്നും മേൽ വിധി പ്രകാരം മുൻകാലപ്രാബല്യത്തോടെ സീനിയർ ക്ലാർക്ക് തസ്തികയിലും തുടർന്ന് ഹെഡ് അക്കൗണ്ടന്റ്, അസിസ്റ്റന്റ് സെക്രട്ടറി തുടങ്ങിയ തസ്തികകളിലേയ്ക്കും പ്രമോഷൻ നല്കണമെന്നുമാണ് അനക്സ്ചർ 6 നിവേദനത്തിലൂടെ പെരുവന്താനം ഗ്രാമപഞ്ചായത്ത് സീനിയർ ക്ലർക്കായ ശ്രീ. ബിനു.എം.കോശി അഭ്യർത്ഥിച്ചിരുന്നത്. ബഹു. സുപ്രീം കോടതി വിധി പ്രകാരം പഞ്ചായത്ത് വകുപ്പിൽ നടപടികൾ സ്വീകരിക്കാത്തതിനാൽ സ്ഥാനക്കയറ്റത്തിനുള്ള അവസരം നിഷേധിക്കപ്പെടുകയാണെന്നും ടിയാൻ 65% ഭിന്നശേഷിക്കാരനാണെന്നും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, മുമ്പാകെ ഫയൽ ചെയ്ത OA 1790/2021 നമ്പർ ഹർജിയിൽ പരാമർശിച്ചിട്ടുണ്ട്.

3. ഭിന്ന ശേഷി വിഭാഗക്കാർക്ക് സ്ഥാനക്കയറ്റത്തിന് സംവരണം നല്കണമെന്നാവശ്യപ്പെട്ട് ബഹു സുപ്രീം കോടതി മുൻപാകെ ഫയൽ ചെയ്ത സിവിൽ അപ്പീൽ 1567/2017 നമ്പർ കേസിൽ 14.01.2020 ൽ പുറപ്പെടുവിച്ച വിധി ന്യായത്തിൽ എന്തെങ്കിലും സ്പഷ്ടീകരണം ആവശ്യമുള്ള തരത്തിൽ അവ്യക്തതയുള്ളതായി കാണുന്നില്ലെന്നും Section 34 of the Rights of Persons with Disabilities Act, 2016 ൽ വിവക്ഷിക്കും പ്രകാരം ഭിന്ന ശേഷി വിഭാഗക്കാർക്ക് സ്ഥാനക്കയറ്റത്തിന് സംവരണം നല്കുന്നതുമായി ബന്ധപ്പെട്ട് നാല് മാസത്തിനകം കേന്ദ്രസർക്കാർ instructions പുറപ്പെടുവിക്കണമെന്നുമാണ് ബഹു. സുപ്രീം ഹൈക്കോടതിയുടെ 14.01.2020 ലെ വിധിന്യായത്തിന്മേൽ ക്ലാരിഫിക്കേഷനിനായി കേന്ദ്ര സർക്കാർ ഫയൽ ചെയ്ത MA 2171/2020 -ന്മേൽ 28.09.2021ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ബഹു സുപ്രീം കോടതി വ്യക്തമാക്കിയിരിക്കുന്നത്. ഭിന്ന ശേഷി വിഭാഗക്കാർക്ക് സ്ഥാനക്കയറ്റത്തിന് സംവരണം നല്കണമെന്ന ആവശ്യം പൊതുവായി സാമൂഹ്യനിതി വകുപ്പ് മുഖേന കൈകാര്യം ചെയ്ത് വരുന്നു. MA 2171/2020-നം കേസിലെ 28.09.2021ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി സാമൂഹ്യനീതി വകുപ്പ് പൊതുതീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കുവാൻ കഴിയൂ. സാമൂഹ്യനീതി വകുപ്പ് ഇത് സംബന്ധിച്ച ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ബഹു.സുപ്രീംകോടതിയുടെ 14.01.2020 ലെ ഉത്തരവ് പാലിച്ച കൊണ്ട് ഭിന്നശേഷിക്കാർക്ക് സ്ഥാനക്കയറ്റത്തിന് സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പ് നിലവിൽ പൊതുഉത്തരവ് പുറപ്പെടുവിക്കാത്ത സാഹചര്യത്തിലും ഓരോ വകുപ്പുകൾക്കും പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ അധികാരം ഇല്ലാത്തതിനാലും ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി ജീവനക്കാർക്ക് എൻട്രി കേഡറിലും പ്രൊമോഷൻ തസ്തികയിലും സംവരണം അനുവദിച്ച് പ്രമോഷൻ നല്കണമെന്നാവശ്യപ്പെട്ട് ഇടുക്കി, പെരുവന്താനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ.ബിനു.എം കോശി, തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അനക്സ്ചർ 6 നിവേദനത്തിലെ ആവശ്യം നിലവിലെ സാഹചര്യത്തിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്നു കണ്ട് നിരസിച്ച് ഉത്തരവാകുന്നു. ബഹു. സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും പൊതുവായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനനുസരിച്ച് ശ്രീ. ബിനു എം കോശിയുടെ ആവശ്യം പരിഗണിക്കുന്നതാണ്.

5. പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1790/2021 നമ്പർ കേസ്സിന്മേലുള്ള 29.09.2021 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.ബിനു.എം കോശി, സീനിയർ ക്ലാർക്ക്, പെരുവന്താനം ഗ്രാമപഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത്

ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പെരുവന്താനം ഗ്രാമപഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.

കരുതൽ ഫയൽ / ആഫീസ് പകർപ്പ് (ഫയൽ നം. 267/ഇപിഎ1/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ